യി കഴിഞ്ഞു. സപ്ലീസ് സംയോജനം ഒരു ഡിപ്പാർട്ടുമെന്റിലേയും പുത്തിയായി കഴിഞ്ഞിട്ടില്ല.

(ബി) പല വിഷമപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കേണ്ടതായി വന്നിരിക്കുന്നതിനാൽ കാലതാമസം നേരിട്ടുന്നതാണ്.

റേഷൻ

*൪൮. (൩൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പ്രായപൂർത്തിവന്ന ഒരു വ്യക്തിക്ക് ൽ ഔൺസുവീതം റേഷൻ കൊടുക്കുന്നതിനു പ്രതിവർഷം എത്ര ലക്ഷം ടൺ അരിയാണ് നമുക്കാവശ്യമായിട്ടുള്ളത്;

(ബി) ഇതിൽ എത്ര ലക്ഷം ടൺ ഇവിടെനിന്നും തന്നെ ലഭിക്കും?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഉദ്ദേശം ൪,൪൦,൦൦൦ ടൺ

(ബി) ൫൦,൦൦൦ ടണ്ണോളം ലഭിക്കുമെന്നുദ്ദേശിക്കുന്നു.

കൂടിൽ വ്യവസായക്കമ്മിറ്റി

*൪൫൦. (൪൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൂടിൽവ്യവസായക്കമ്മിറ്റിയുടെ റിപ്പോർട്ടിൽ എന്തെല്ലാംകൂടിൽ വ്യവസായങ്ങൾക്കാണ് ഇവിടെ സാദ്ധ്യതയുണ്ടെന്നാണ് കണ്ടിരിക്കുന്നത്;

(ബി) പ്രസ്തുത കൂടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തു നടപടിയാണ് സർക്കാർ ഇതുവരെ കൈക്കൊണ്ടിരിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) കൂടിൽ വ്യവസായകമ്മിറ്റി ഒരു താൽക്കാലികറിപ്പോർട്ട് മാത്രമേ സമർപ്പിച്ചിട്ടുള്ളൂ. അതിൽ പ്രത്യേക വ്യവസായങ്ങളെപ്പറ്റി വിശദമായി പ്രസ്താവിച്ചിട്ടില്ല. അത്തരം കാര്യങ്ങൾ അവസാനറിപ്പോർട്ടിലാണ് പ്രതീക്ഷിക്കപ്പെടുന്നത്.

(ബി) ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ENQUIRY

*551. [42] **Sri. Eapen Arakkal:** Will the Hon'ble the Chief Minister be pleased to state:

(*a*) has any enquiry been conducted in connection with the death of a man who is alleged to have been beaten to death by the Police at Haripad;

(*b*) if answer to (*a*) is in the affirmative who was the officer deputed to hold the enquiry;

(*c*) has he submitted any report and what is the nature of the report;

(*d*) have the Government passed any final orders on the matter;

(*e*) is it true that still another enquiry is going to be conducted by the Special Magistrate at Quilon; and

(*f*) are there any grounds for disbelieving or for not relying on the report and findings of the officer who has submitted the report after a formal enquiry?

LIBRARY ARCHIVES Kerala Legislative Assembly